(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സഹകരണമേഖലയ്ക്ക് ലഭ്യമായ എൻ.സി.ഡി.സി. വായ്പ

1 (5406) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-10 സാമ്പത്തിക വർഷം സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് എത്രകോടി രൂപയുടെ എൻ. സി.ഡി.സി.-വായ്പകൾ ലഭ്യമാക്കിയിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ കാലയളവിൽ സംസ്ഥാന സർക്കാർ എൻ.സി.ഡി.സി.-ക്ക് എന്ത് തുക തിരിച്ചടച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന സഹകരണ മേഖലയ്ക്ക് വായ്പ അനുവദിക്കുന്നതിന് എൻ.സി.ഡി.സി. പുതിയതായി എന്തൊക്കെ വ്യവസ്ഥകളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കുമോ ;

(ഡി) തിരിച്ചടവ് ഉറപ്പ് വരുത്തുന്ന പ്രോജക്ടുകൾ തയ്യാറാക്കി എൻ.സി.ഡി.സി.-ക്ക് സമർപ്പിക്കുന്നതിന് സഹകരണ വകുപ്പിൽ എന്തൊക്കെ പുതിയ സംവിധാനങ്ങളാണ് ആരംഭിച്ചിട്ടുള്ളത് ?

ഉത്തരം

(എ) 2009-10 സാമ്പത്തിക വർഷം സംസ്ഥാനത്തെ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സഹകരണസംഘങ്ങൾക്ക് 36.58 കോടി രൂപയുടെ ധനസഹായം എൻ.സി.ഡി.സി.യിൽ നിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും ഓഹരിയിനത്തിൽ 33.04 കോടി രൂപയും വായ്പയിനത്തിൽ 3.2806 കോടി രൂപയും സബ്സിഡിയിനത്തിൽ 0.26 കോടി രൂപയും സഹകരണസംഘങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ഈ കാലയളവിൽ സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങൾക്ക് സംസ്ഥാന സർക്കാർ മുഖേന എൻ.സി.ഡി.സി.-നാളിതുവരെ നൽകിയ ധനസഹായയിനത്തിൽ സംസ്ഥാന സർക്കാർ 55,72,87,388 രൂപ എൻ.സി.ഡി.സി.ക്ക് തിരിച്ചടച്ചിട്ടുണ്ട്.

മുതൽ : 42,32,23,900
പലിശ : 13,40,63,488
ആകെ : 55,72,87,388

പ്രസ്തുത കാലയളവിൽ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സംഘങ്ങൾ, ഗവൺമെന്റിലേക്ക് എൻ.സി.ഡി.സി.-വായ്പ ഇനത്തിൽ 77253052 രൂപ താഴെ പറയുംപ്രകാരം തിരികെ അടച്ചിട്ടുമുണ്ട്.

മുതൽ : 63601663 രൂപ

പലിശ : 13651389 രൂപ

ആകെ : 77253052 രൂപ

(സി) സംസ്ഥാന സഹകരണ മേഖലയ്ക്ക് വായ്പ അനുവദിക്കുന്നതിന് എൻ.സി.ഡി.സി. പുതുതായി വ്യവസ്ഥകൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല.

(ഡി) എൻ.സി.ഡി.സി.യിലേക്ക് സമർപ്പിക്കുന്ന 40.00 ലക്ഷം രൂപവരെയുള്ള പ്രോജക്ടുകളുടെ തിരിച്ചടവ് ഉൾപ്പെടെയുള്ള വ്യവസ്ഥകൾ പരിശോധിച്ച് ഫീസിബിലിറ്റി ഉറപ്പ് വരുത്തുന്നതിനായി എൻ.സി.ഡി.സി. തലത്തിൽ രൂപീകരിച്ചിട്ടുള്ള റീജിയണൽ സ്ക്രീനിംഗ് കമ്മിറ്റിയിൽ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള ഒരു ജോയിന്റ് രജിസ്ട്രാറെകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

സഹകരണ ബാങ്കുകളേയും സഹകരണ സംഘങ്ങളേയും തരം തിരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

2 (5407) ശ്രീ. എം. ഉമ്മർ :
ശ്രീ. യു. സി. രാമൻ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളേയും സഹകരണ സംഘങ്ങളേയും തരം തിരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളെ വർഗ്ഗീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്നാണ് അവസാനമായി പരിഷ്ക്കരിച്ചത് ;

(സി) കാലാനുസൃതമായി നിയമങ്ങൾ പരിഷ്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) വർഗ്ഗീകരണ മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കാത്തതുമൂലം സഹകരണ മേഖലയ്ക്കുണ്ടായിട്ടുള്ള നഷ്ടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സഹകരണ സംഘങ്ങളെ അവയുടെ സ്വഭാവവും സാമ്പത്തിക സ്ഥിതിയും അനുസരിച്ച് ഗവൺമെന്റ് തരംതിരിക്കേണ്ടതാണെന്ന് 1969-ലെ